DESPATCHED On..18/12/21..

1

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **CP No. 645(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 10081/SIC-G6/2019 )

## സന്നിഹിതൻ

## ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. വിൻസെന്റ് ജോസഫ്,
ആലിന്റ ക്വാർട്ടേഴ്സ്, എ.എസ്. ആർക്കേഡ്,
ഇളമ്പള്ളൂർ, കുണ്ടറ(പി.ഒ).
പിൻ – 691 501.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ ഓഫ് പോലീസ്,
കുണ്ടറ പോലീസ് സ്റ്റേഷൻ,
കൊല്ലം – 691 501.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/04/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/05/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 03/06/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 12/06/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/08/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/10/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 19/11/2021 – ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വിൻസെന്റ് ജോസഫ്, 03/06/2019 തീയതി സമർപ്പിച്ച പരാതി 12/06/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 645(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 08/04/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. 1045/19 എന്ന കേസ് നമ്പരിൽ കുണ്ടറ സ്റ്റേഷനിൽ 31/03/2019-ൽ ലഭിച്ച പരാതിയിന്മേൽ 03/04/2019-ൽ ടി കേസ് സംബന്ധിച്ച് എന്ത് നിയമനടപടി സ്വീകരിച്ചെന്നും
2. എ.എസ്. ആർക്കേഡിലെ താമസക്കാരും റെസിഡൻഷ്യൽ അസോസിയേഷനും 03.04.2019-ൽ നൽകിയ മാസ്റ്റർ പെറ്റീഷൻ ആധാരമാക്കി കുണ്ടറ സർക്കിൾ ഇൻസ്പെക്ടർ എന്ന നിലയ്ക്ക് എന്ത് നിയമനടപടി സ്വീകരിച്ചെന്നും

   ടി രണ്ട് പരാതിയും സംബന്ധിച്ച് കുണ്ടറ സ്റ്റേഷനിലെ രജിസ്റ്ററിൽ രണ്ട് കൂട്ടരും എഴുതി ഒപ്പ് വെച്ച പേപ്പറിന്റെ പകർപ്പും മറ്റു ലഭ്യമാക്കണമെന്നതാണ്.

4. മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 04/05/2019-ന് നൽകിയതിൽ ക്രമ നമ്പർ (1)-ന് 1045/19 നമ്പറായി പരാതി സ്വീകരിച്ചിട്ടുള്ളതും ആയത് അന്വേഷിച്ചിട്ടുള്ളതും ഇരുകൂട്ടരേയും സ്റ്റേഷനിൽ വിളിച്ച് താക്കീത് നൽകിയിട്ടുള്ളതും ആയതിൽ ഇരുകൂട്ടരും ഒപ്പ് വെച്ചിട്ടുള്ളതുമാണെന്നും (2)-ന് 1056/19 നമ്പറായി പരാതി സ്വീകരിച്ചിട്ടുള്ളതും ആയത് അന്വേഷിച്ചിട്ടുള്ളതും ഇരുകൂട്ടരേയും സ്റ്റേഷനിൽ വിളിച്ച് എതിർകക്ഷിയ്ക്ക് താക്കീത് നൽകുകയും ജൂണിനകം ഫ്ളാറ്റ് ഒഴിയാമെന്ന് വാക്ക് നൽകിയതായി ഇരുകൂട്ടരും ഒപ്പ് വെച്ചിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5 എതിർകക്ഷി 11/10/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്ന പരാതി പ്രകാരം പരാതിക്കാസ്പദമായ രേഖകൾ പരിശോധിച്ച് ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ 6(1) അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അപ്പീൽ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ലെന്ന് കമ്മീഷന് ബോധ്യമാകുന്നു. ടി വീഴ്ച്ച വരുത്തിയ എസ്.പി.ഐ.ഒ-യെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 19-ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV